ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എ.ഡി.ബി.യിൽ നിന്ന് TEAP ന് വേണ്ടി 152.96 കോടി രൂപയും, കെ.എസ്.യു.ഡി.പി.ക്ക് വേണ്ടി 184.93 കോടി രൂപയും വായ്പയായി എടുത്തിട്ടുണ്ട്.

(ബി) ഈ വായ്പ നഗരങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിന്, ശുദ്ധജല വിതരണം, സീവേജ് ആന്റ് സാനിട്ടേഷൻ സ്റ്റോം വാട്ടർ ഡ്രെയിനേജ്, ചെരമാലിന്യ നിർമ്മാർജ്ജനം, റോഡുകളുടെ നവീകരണം എന്നീ പദ്ധതികൾക്കായി വിനിയോഗിച്ചു.

(സി) മുൻകാലങ്ങളിൽ വിദേശ ഏജൻസികളിൽ നിന്നും വായ്പ, കേന്ദ്ര സർക്കാർവഴി ലഭിക്കുമ്പോൾ അത് 70% വായ്പ, 30% ഗ്രാന്റ് എന്ന അനുപാതത്തിലാണ് കേന്ദ്രസർക്കാർ നൽകുന്നത്. ടി വായ്പയ്ക്ക് 9% പലിശ നൽകണം. വായ്പ 'ബാക് ടു ബാക്ക്' രീതിയിൽ ലഭിക്കുമ്പോൾ വായ്പ നൽകുന്ന സ്ഥാപനം നിഷ്കർഷിക്കുന്ന വേരിയബിൾ റേറ്റിലാണ് പലിശ നൽകേണ്ടത്. മുതൽ, വായ്പ നൽകുന്ന സ്ഥാപനം നൽകുന്ന ഗ്രേസ് പീരീഡ് കഴിഞ്ഞ് അടച്ചാൽ മതിയാകും.

(ഡി) കേന്ദ്ര സർക്കാർ മുഖേന ലഭിക്കുന്ന വിവിധ വായ്പകളുടെ തിരിച്ചടവ് മൊത്തമായി ഒരു ഹെഡ് ഓഫ് അക്കൗണ്ട് മുഖേനയാണ് നടത്തുന്നത്. ആയതിനാൽ വിദേശ വായ്പകളുടെ തിരിച്ചടവ് എത്രയെന്ന് വേർതിരിച്ചറിയാൻ നിർവ്വാഹമില്ല.

സി-ഡിറ്റിലെ അഴിമതികൾ

123 (2601) ശ്രീ. എം. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സി-ഡിറ്റിലെ അഴിമതികൾ അന്വേഷണിക്കണമെന്നാവശ്യപ്പെട്ട് എം.എൽ.എ. ധനകാര്യ വകുപ്പ് മന്ത്രിക്ക് നൽകിയ 7004/എം.(എനിൻ) 10-വി.ഐ.പി. നമ്പർ അപേക്ഷ പ്രകാരം ധനകാര്യ പരിശോധന വിഭാഗം നടത്തിയ പരിശോധന സംബന്ധിച്ച വിവരവും സർക്കാരിനു സമർപ്പിച്ച റിപ്പോർട്ടിന്റെ പകർപ്പും ലഭ്യമാക്കുമോ ;

(ബി) സി-ഡിറ്റിൽ ധനകാര്യ പരിശോധന വിഭാഗം കണ്ടെത്തിയ ക്രമക്കേടുകളിൽ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ ;

(സി) സി-ഡിറ്റിൽ ധനകാര്യ വിഭാഗത്തിന്റെ പരിശോധനയിൽ കണ്ടെത്തിയ ഗുരുതരമായ ക്രമക്കേടുകൾ സംബന്ധിച്ച് വിജിലൻസിനെക്കൊണ്ട് അന്വേഷിപ്പിക്കുമോയെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) സി-ഡിറ്റിലെ ക്രമക്കേടുകൾ അന്വേഷിക്കണമെന്നാവശ്യപ്പെട്ട് ലഭിച്ച പരാതിയിൻമേൽ ധനകാര്യ പരിശോധന വിഭാഗം 2010 ഡിസംബർ, 2011 ജനുവരി മാസങ്ങളിൽ പരിശോധന നടത്തുകയുണ്ടായി. ഇതിന്റെ അടിസ്ഥാനത്തിൽ റിപ്പോർട്ട് തയ്യാറാക്കിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ബി&സി) അന്തിമ പരിശോധന റിപ്പോർട്ട് തയ്യാറാക്കിയതിനുശേഷം മാത്രമേ തുടർ നടപടികളെ സംബന്ധിച്ച തീരുമാനങ്ങൾ കൈക്കൊള്ളാൻ സാധിക്കുകയുള്ളു.

അന്യസംസ്ഥാന ലോട്ടറികൾ

124 (2602) ശ്രീ. കെ. എം. മാണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഏതെല്ലാം അന്യസംസ്ഥാന ലോട്ടറികൾക്കാണ് സംസ്ഥാനത്ത് വിൽപ്പനാനുമതി നൽകിയിട്ടുള്ളത് ;

(ബി) എത്ര അന്യസംസ്ഥാന ലോട്ടറികൾക്ക് ദിനംപ്രതിയും വീക്കിലിയായും ബമ്പറായും നറുക്കെടുപ്പ് നടത്താൻ അനുമതി നൽകിയിരുന്നുവെന്ന് വെളിപ്പെടുത്തുമോ ;

(സി) ഇവയുടെ വിൽപ്പനയും നറുക്കെടുപ്പും നിരീക്ഷിക്കുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിരിക്കുന്നത് ;

(ഡി) ഇവയുടെ നറുക്കെടുപ്പിലും വിൽപ്പനയിലും ക്രമക്കേടുകൾ നടന്നതായി കണ്ടെത്തിയിട്ടുണ്ടോ ;

(ഇ) ഉണ്ടെങ്കിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) നിലവിൽ KTPL നിയമപ്രകാരം സിക്കിം, ഭൂട്ടാൻ ലോട്ടറികൾക്ക് രജിസ്ട്രേഷൻ ഉണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഒരു അന്യ സംസ്ഥാന ലോട്ടറിക്കും പുതിയതായി KTPL നിയമപ്രകാരം രജിസ്ട്രേഷൻ നൽകിയിട്ടില്ല.

(ബി) ഭൂട്ടാൻ സർക്കാരിന്റെ 35 വീക്കിലി ലോട്ടറികളും, സിക്കിം സർക്കാരിന്റെ 28 വീക്കിലി ലോട്ടറികളും നടത്തുന്നതിനായി KTPL നിയമപ്രകാരം അഡ്വാൻസ് ടാക്സ് അടച്ചിരുന്നു. ഇപ്പോൾ നികുതി സ്വീകരിക്കുന്നില്ല.

(സി) ഇവയുടെ വിൽപ്പനയും മറ്റും നിരീക്ഷിക്കുന്നതിന് ഒരു സ്റ്റേറ്റ് മോണിറ്ററിംഗ് സെൽ രൂപീകരിച്ചിട്ടുണ്ട്. ഇതുകൂടാതെ 2005-ലെ പേപ്പർ ലോട്ടറികളിന്മേലുള്ള ആക്ട്, ചട്ടം എന്നിവയിൽ ഭേദഗതികൾ വരുത്തുകയും ചെയ്തു.

(ഡി) ഉണ്ട്.

(ഇ) ഈ സർക്കാർ അധികാരത്തിൽ വന്നയുടൻ തന്നെ വിജിലൻസ് അന്വേഷണം നടത്തുകയും അതിന്റെ അടിസ്ഥാനത്തിൽ രജിസ്ട്രേഷൻ റദ്ദാക്കാൻ നടപടികൾ സ്വീകരിക്കുകയും ചെയ്തു. ലഭ്യമായ സന്ദർഭങ്ങളിലൊക്കെ

LIBRARY ARCHIVES Kerala Legislative Assembly